(സി) കെൽട്രോണിന് ഇപ്പോൾ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) കെൽട്രോണിന്റെ പ്രതിരോധ ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രഗവൺമെന്റിന് കേരള സർക്കാർ നിവേദനം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അനുകൂലമായ നിലപാട് കേന്ദ്രഗവൺമെന്റിൽ നിന്നും ഇതുവരെ ഉണ്ടായിട്ടില്ല.

(ബി) കെൽട്രോണിന്റെ നിലനില്പും പുരോഗതിയും ലക്ഷ്യമാക്കിയും കേരളത്തിലെ കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുമെന്ന് കണക്കാക്കിയുമാണ് കെൽട്രോൺ യൂണിറ്റുകൾ ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചത്.

(സി) ഇല്ല.

നിരാലംബരായ ജനവിഭാഗത്തിനുവേണ്ടി സാമൂഹ്യ സുരക്ഷാ പദ്ധതി

6 [*235] ഡോ. തോമസ് ഐസക് :

ശ്രീ. കെ. വി. കുഞ്ഞിരാമൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിരാലംബരായ ജനവിഭാഗത്തിനുവേണ്ടി സർക്കാർ പ്രഖ്യാപിച്ച സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി എന്നുമുതലാണ് നടപ്പിൽ വരുത്തിയത് ; പരിരക്ഷ പാക്കേജ് നടപ്പിലാക്കുക വഴി നിരാലംബരെ പൂർണ്ണമായും പദ്ധതിയിൻ കീഴിൽ കൊണ്ടുവരാൻ സാധ്യമായിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതിയിലേക്ക് ഭരണ നവീകരണ പദ്ധതിയിൻകീഴിൽ എത്ര തുക വകയിരുത്തുകയുണ്ടായി ; ഇതിനകം എത്ര തുക ചെലവഴിക്കുകയുണ്ടായി ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ, ബി) സാധുക്കളായ ജനങ്ങൾക്ക് അവശ്യഘട്ടങ്ങളിൽ സാന്ത്വനിക സഹായം ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് "സാമൂഹ്യ സുരക്ഷിതത്വ ഫണ്ട്" എന്ന പേരിൽ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സാധുജന സാമൂഹ്യ സുരക്ഷിതത്വ ഫണ്ടിൽ നിന്ന് ധനസഹായത്തിനായി ഇപ്പോൾ കുടുംബശ്രീ കണ്ടെത്തിയ പഞ്ചായത്തുകളിലെ അഗതി കുടുംബങ്ങൾക്കും സാമൂഹ്യക്ഷേമ വകുപ്പോ, മറ്റ് ഇതര ഏജൻസികളോ കണ്ടെത്തുന്ന അഗതി കുടുംബങ്ങൾക്കും കുടുംബശ്രീയും മറ്റ് ഇതര ഏജൻസികളും നൽകുന്ന തുകയ്ക്ക് പുറമേ ആവശ്യകതയ്ക്കനുസൃതമായി പരമാവധി പതിനായിരം രൂപവരെ സാമൂഹ്യക്ഷേമ വകുപ്പ് അനുവദിക്കുകയും പ്രസ്തുത തുക ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുവഴി വിതരണം ചെയ്യുക എന്നതുമാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(സി) പദ്ധതി ഉടനെ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സാധുജന സാമൂഹ്യ സുരക്ഷിതത്വ ഫണ്ടിന്റെ നിർവ്വഹണ ചട്ടങ്ങൾ 17-12-2004-ലെ ജി. ഒ. (എംഎസ്.) നമ്പർ 101/2004 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതി നടപ്പിലാക്കുക വഴി ഇതിന്റെ നിർവ്വഹണ ചട്ടത്തിൽ വിവക്ഷിക്കുന്ന നിരാലംബരെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ കഴിയുന്നതാണ്.

(ഡി) മേൽപ്പറഞ്ഞ പദ്ധതിക്കായി 40 കോടി രൂപ 2004-05 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി വിഹിതത്തിൽ നിന്നും സാമൂഹ്യക്ഷേമ വകുപ്പ് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

തൊഴിലാളികളുടെ മിനിമം വേതനം പുതുക്കാൻ നടപടി

7 [*236] ശ്രീ. എൻ. രാജൻ :

,, കെ. പി. രാജേന്ദ്രൻ :

,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം വിഭാഗം തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ടതായിട്ടുണ്ട് ; അവർ ഏതെല്ലാം മേഖലകളിൽ പണിയെടുക്കുന്നവരാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ജീവിതനിലവാര സൂചികയുടെ അടിസ്ഥാനത്തിൽ യഥാസമയം ഈ തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) തൊഴിലാളികൾക്ക് അർഹമായ ക്ഷാമബത്തകൾ മരവിപ്പിച്ച മേഖലകളുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലെ തൊഴിലാളികൾക്ക് എത്ര ഗഡു ക്ഷാമബത്ത വീതം മരവിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ക്ഷാമബത്തകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly